**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലുവ നഗരസഭയിലെ റവന്യു ഓഫീസർ ഗ്രേഡ്-2 ആയ ശ്രീ. ഫ്രാൻസിസ് സേവ്യർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1168/16 ൽ 12.08.2016 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 507/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.02.2017

===========================================================================

**പരാമർശം :** 1) നഗരകാര്യ ഡയറക്ടറുടെ 03.03.2016 തീയതിയിലെ ഇ6-10503/14(2) നമ്പർ ഉത്തരവ്.
2) നഗരകാര്യ ഡയറക്ടറുടെ 22.07.2016 ലെ ഇ6-16354/16(3) നമ്പർ ഉത്തരവ്.
3) ആലുവ നഗരസഭയിലെ റവന്യൂ ഓഫീസറായ ശ്രീ. ഫ്രാൻസിസ് സേവ്യർ സർക്കാരിൽ സമർപ്പിച്ച 28.07.2016 ലെ അപ്പീൽ ഹർജി.
4) റവന്യു ഓഫീസർ ശ്രീ. ഫ്രാൻസിസ് സേവ്യർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1168/16 ൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 12.08.2016 ലെ വിധിന്യായം.
5) നഗരകാര്യ ഡയറക്ടറുടെ 19.01.2017 തീയതിയിലെ ഇ6-27817/16 നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 5 ഉദ്യോഗസ്ഥരെ നഗരകാര്യ ഡയറക്ടർ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് പ്രകാരം റവന്യു ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്ന ശ്രീ.എ.ജെ. ഫ്രാൻസിസ് സേവ്യറിനെ സ്ഥാനക്കയറ്റം നൽകി ആലുവാ നഗരസഭയിൽ റവന്യു ഓഫീസർ ഗ്രേഡ് 2 ആയി നിയമിക്കുകയും 14.03.2016-ൽ ടിയാൻ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. എന്നാൽ നഗരകാര്യ ഡയറക്ടറുടെ പരാമർശം 2 ലെ ഉത്തരവ് പ്രകാരം ടിയാനെ ആലുവ നഗരസഭയിൽ നിന്നും ആലപ്പുഴ നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റിയതെന്നും ടി ഉത്തരവിൽ

പ്രതിപാദിച്ചിരുന്നു. എന്നാൽ താൻ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ നൽകിയിരുന്നില്ല എന്നും തന്റെ പേര് പോലും ഉത്തരവിൽ തെറ്റായിട്ടാണ് ചേർത്തിരിക്കുന്നതെന്നും വെറും 131 ദിവസം മാത്രം സേവനമനുഷ്ഠിച്ച തന്നെ ആലുവയിൽ നിന്ന് ആലപ്പുഴയിലേക്ക് മാറ്റിക്കൊണ്ടുള്ള ഉത്തരവ് 04.04.2007-ലെ G.O.(MS) No. 105/2007/LSGD എന്ന ഉത്തരവിന് വിരുദ്ധമാണെന്നും ആയത് റദ്ദ് ചെയ്ത് റിട്ടയർ ചെയ്യുവാൻ 14 മാസം മാത്രം ബാക്കിയുള്ള എറണാകുളം കാക്കനാട് സ്വദേശിയായ തന്നെ ആലുവയിലോ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലോ നിയമിച്ചുകൊണ്ട് ഉത്തരവാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ. ഫ്രാൻസിസ് സേവ്യർ സർക്കാർ മുമ്പാകെ പരാമർശം 3. പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഇതേ വിഷയത്തിൽ ടിയാൻ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)168/16 ഉം ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ച വിധിയിൽ വധിപ്പകർപ്പ് ലഭിച്ച് രണ്ട് മാസങ്ങൾക്കകം അപേക്ഷകനെ നേരിട്ട് കേട്ട് Annexure A2 അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

2. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകനെ 26.12.2016 ൽ നേരിൽ കേൾക്കുകയുണ്ടായി. തനിയ്ക്ക് ഇനി കഷ്ടിച്ച് 14 മാസം സർവ്വീസ് കൂടിയേ ബാക്കിയുള്ളൂ എന്ന് ടിയാൻ നേരിൽ കേൾക്കുന്ന വേളയിൽ ബോധിപ്പിച്ചു.

3. പരാമർശം 3 ലെ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ പരാമർശം 5 പ്രകാരമുള്ള റിപ്പോർട്ട്, 04.04.2007 ലെ G.O. (MS) No. 105/2007/LSGD എന്നിവ പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. എ.ജെ. ഫ്രാൻസിസ് സേവ്യർ തന്റെ സേവന കാലയളവിൽ ഏറ്റവും കാലം സേവനമനുഷ്ഠിച്ചിട്ടുള്ളത് കൊച്ചി നഗരസഭയിലാണ് എന്നും ടിയാനെ ഭരണപരമായ സൗകര്യം കണക്കിലെടുത്താണ് ആലുവ നഗരസഭയിൽ നിന്നും ആലപ്പുഴ നഗരസഭയിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതെന്നും ടിയാന്റെ പേര് എ.ജെ. ഫ്രാൻസിസ് സേവ്യർ എന്നതിനു പകരം ഫ്രാൻസിസ് ജോർജ്ജ് എന്നും 22.07.2016 ലെ സ്ഥലം മാറ്റ ഉത്തരവിൽ റിമാർക്സ് കോളത്തിൽ ഭരണപരമായ സൗകര്യം എന്നതിന് പകരം അപേക്ഷ എന്നും തെറ്റായി ചേർക്കാനിടയായത് ഒരു Clerical mistake ആണെന്നും ടിയാന്റെ വിരമിക്കലിന് 14 മാസം കൂടിയേ അവശേഷിക്കുന്നുള്ളൂ എന്ന വസ്തുത കണക്കിലെടുത്ത് ടിയാന് അർഹതയുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലമാറ്റ സമയത്ത് എറണാകുളം ജില്ലയിലുണ്ടാകുന്ന റവന്യൂ ഓഫീസർ-2 തസ്തികയിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും പരാമർശം 5 ലെ കത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ G.O.(M.S) No. 105/2007/LSGD dated 04.04.2007 ൽ "as far as possible, those who are due to retire within two years shall be posted to their station of choice" എന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

4. മേൽ സാഹചര്യത്തിൽ അടുത്ത പൊതു സ്ഥലംമാറ്റ സമയത്ത് എറണാകുളം ജില്ലയിലുണ്ടാകുന്ന Revenue Officer Grade II തസ്തികയിലെ ഒഴിവിലേക്ക് ശ്രീ.എ.ജെ. ഫ്രാൻസ ിസ് സേവ്യറിന് സ്ഥലം മാറ്റം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

5. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 4 ലെ വിധിന്യായം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ഫ്രാൻസിസ് സേവ്യർ, റവന്യു ഓഫീസർ, ഗ്രേഡ്-II, ആലപ്പുഴ നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വേബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**